ആബിദ് കോലിക്കര

# തട്ടേക്കാട്ടെ സുധാമ്മ

മുന്നിൽ വരുന്ന പ്രശ്നങ്ങളെ പോസറ്റീവ് ആയി സമീപിച്ച് അതിനെ നേരിടുമ്പോഴാണ് നമുക്ക് വിജയങ്ങളുണ്ടാകുന്നത്. അങ്ങനെ പ്രശ്നങ്ങളെ അതിജീവിച്ച കഥയാണ് സുധാമ്മയുടേത്. കഥ തുടങ്ങുന്നത് മുപ്പതു വർഷങ്ങൾക്ക് മുമ്പാണ്.

തട്ടേക്കാട് ഫോറസ്റ്റ് ഓഫീസിന് അടുത്തുള്ള കടയായിരുന്നു സുധാമ്മയുടെ കുടുംബത്തിന്റെ ഉപജീവന മാർഗം. മകൻ എട്ടാം ക്ലാസിലും മകൾ പ്ലസ്ടുവിലും പഠിക്കുകയായിരുന്നു. അപ്പോഴാണ് ഭർത്താവ് മരണപ്പെടുന്നത്. എന്തു ചെയ്യണമെന്ന് സുധാമ്മക്ക് അറിയില്ലായിരുന്നു. അവർ ഒരുവിധം കട നടത്തിക്കൊണ്ടുപോകാൻ തുടങ്ങി.

ആയിടക്ക് കുറച്ച് വിദേശികൾ അവിടെയെത്തി. കാടു കാണാനെത്തിയതാണ്. അവർ താമസസൗകര്യം അന്വേഷിച്ചെത്തിയതാണ്. സുധാമ്മ അവർക്ക് താമസസൗകര്യം നൽകി. അവർക്ക് കാടിനെ പരിചയപ്പെടുത്തി. പക്ഷികളെയും മറ്റും കാണിച്ചു കൊടുത്തു. വിദേശികൾക്ക് വേണ്ടി പക്ഷികളെ കുറിച്ച് പഠിക്കാൻ തുടങ്ങി. ഇന്ന് കാടിന്റെ ഓരോ ചലനങ്ങളും





സുധാമ്മക്ക് കാണാപ്പാഠം ആണ്. വിദേശികളിൽ നിന്ന് അവർ ഇംഗ്ലീഷും പഠിച്ചു. ഹോം സ്റ്റേ വിപുലപ്പെടുത്തി. ഇന്നത് എല്ലാവിധ സൗകര്യവുമുള്ള, പതിനാറ് ഡബിൾ റൂമുള്ള, ജംഗിൾ ബേഡ് എന്നു പേരുള്ള വലിയ ഹോംസ്റ്റേയാണ്. മകൻ അഡ്വ. ഗിരീഷും ഇന്ന് അമ്മയുടെ കൂടെ വിദേശികൾക്ക് കാടിനെ പരിചയപ്പെടുത്താനുണ്ട്. തട്ടേക്കാട് പക്ഷിസങ്കേതമായി പ്രഖ്യാപിച്ചത് 1983-ലാണ്. അതിനു ശേഷം പക്ഷിനിരീക്ഷകർ പലയിടങ്ങളിൽ നിന്നായി വരാൻ തുടങ്ങി. സുധാമ്മയ്ക്ക് പിന്നെ തിരക്കേറുകയായിരുന്നു. വനത്തിലെ പക്ഷികളും ജലപ്പക്ഷികളും ഒരുപോലെ എത്തുന്ന ഇടമാണ് തട്ടേക്കാട്.

തന്റെ വരുമാനത്തിൽ നിന്ന് കുറച്ച് സർക്കാർ ആശുപത്രിയിലെ രോഗികൾക്കായും മറ്റു നിർധനർക്കായും ചെലവിടുന്നു സുധാമ്മ. താൻ തൂപ്പുജോലി ചെയ്ത സ്കൂളിലെ വിദ്യാർത്ഥികളുടെ പഠനത്തിനും അവിടെ ഫർണിച്ചർ വാങ്ങാനുമെല്ലാം പണം നൽകുന്നു. ഭർത്താവിന്റെ പേരിൽ അവിടത്തെ മിടുക്കനായ വിദ്യാർത്ഥിക്ക് എല്ലാ വർഷവും കാഷ് അവാർഡും നൽകുന്നുണ്ട്.

കഴിഞ്ഞ മുപ്പതു വർഷമായുള്ള പൊരുതലിലൂടെ ഫോറസ്റ്റ് ഗൈഡായി മാറിയ സുധാമ്മയുടെ കഥ എന്തു മാത്രം മാതൃകയാണല്ലേ, കൂട്ടുകാരേ..!

സിഗരറ്റ് ലാമ്പുകളിൽ ഉപയോഗിക്കുന്ന വാതകം– ബ്യൂട്ടെയ്ൻ